# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2164 08.12.2014 ന് മറുപടിയ്ക്ക്.

## ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വാഷിംഗ്ടണിൽ തയ്യാറാക്കപ്പെട്ട ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ സ്ഥലങ്ങളെ ബന്ധിപ്പിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ പദ്ധതിക്ക് അനുമതി നല്കിയിട്ടുണ്ടോ; ഇന്ത്യയിലെ ഏത് ഏജൻസി വഴിയാണ് ഇത് നടപ്പാക്കുന്നത്; ഇതിൽ വനം വകുപ്പിന്റെ പങ്ക് എന്താണ് ; | (എ) ഐക്യരാഷ്ട്ര സഭയുടെ ഘടകസംഘടനയായ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (UNDP) രൂപം നൽകിയ ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാന്റ്സ്കേപ്പ് പ്രോജക്ട് സംസ്ഥാനത്ത് മൂന്നാർ ലാന്റ് സ്കേപ്പിന്റെ ഭാഗമായി കണക്കാക്കിയിട്ടുള്ള ദേവികുളം, ഉടുമ്പൻചോല, കോതമംഗലം, കുന്നത്തുനാട്, മുകുന്ദപുരം എന്നീ 5 താലൂക്കുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഈ പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സംസ്ഥാന വനം വന്യജീവി വകുപ്പ് വഴി കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് നടപ്പാക്കുന്നത്. മൂന്നാർ ഹൈറേഞ്ച് മേഖലയിൽ പദ്ധതി നടത്തിപ്പിനായുള്ള മുന്നൊരുക്കങ്ങൾ, പദ്ധതിയുടെ നേരിട്ടുള്ള നിർവ്വഹണം, മേഖലയിൽ വിവിധ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവയുമായുള്ള ഏകോപനവും സഹകരണവും എന്നിവയാണ് വനം വകുപ്പിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഏക്കർ കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കി മാറ്റാനുദ്ദേശിക്കുന്നുണ്ട്; പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എത്ര ഏക്കർ സ്ഥലത്ത് പുതുതായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തും; | (ബി) പദ്ധതിയുടെ ഭാഗമായി കൃഷിഭൂമി സംരക്ഷിത വനപ്രദേശമാക്കാനും പദ്ധതി പ്രദേശത്ത് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നില്ല. |
| (സി) ഈ പദ്ധതിക്ക് ലഭിച്ച വിദേശ സഹായം, കണക്കാക്കപ്പെട്ട മൊത്തം പദ്ധതി ചെലവ് എന്നിവ എത്രയാണ്; | (സി) ഈ പദ്ധതിക്ക് ഇതുവരെ ധനസഹായം ലഭിച്ചിട്ടില്ല. പദ്ധതി രേഖ പ്രകാരം 5 വർഷത്തേക്കായുള്ള പദ്ധതിയുടെ നടത്തിപ്പിനായി ഉദ്ദേശം 35 കോടി രൂപ US $ 6.27 Million) യുടെ ധനസഹായമാണ് പ്രതീക്ഷിക്കുന്നത്. |

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്ന് ഏതെല്ലാം ഉദ്യോഗസ്ഥന്മാർ ആരുടെയൊക്കെ നേതൃത്വത്തിൽ വിദേശയാത്ര നടത്തി; ഇതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; വിദേശ സന്ദർശനത്തിന്റെ ചെലവ് വഹിക്കുന്നത് ആരാണ്; യാത്രയുടെ ഉദ്ദേശങ്ങൾ വിശദമാക്കാമോ?

(ഡി) പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തുനിന്നും ചീഫ് സെക്രട്ടറി ശ്രീ.ഇ.കെ.ഭരത് ഭൂഷന്റെ നേതൃത്വത്തിൽ താഴെ പറയുന്ന ഉദ്യോഗസ്ഥർ വിദേശയാത്ര നടത്തി.

| | |
|---|---|
| 1. ശ്രീ.പി.കെ.മൊഹന്തി | അഡീ. ചീഫ് സെക്രട്ടറി, വനം വന്യജീവി വകുപ്പ്. |
| 2. ശ്രീ.ജി.ഹരികുമാർ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ |
| 3. ശ്രീ.സുബ്രതോ ബിശ്വാസ് | പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക വർഗ്ഗ വികസന വകുപ്പ്. |
| 4. ഡോ.രാജൻ ഖോബ്രാഗഡെ | സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |
| 5. ഡോ.അമിത് മല്ലിക് | ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം |
| 6. ശ്രീ.സഞ്ജയൻ കുമാർ | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് |
| 7. ശ്രീ.അജിത് പാട്ടീൽ | ജില്ലാ കളക്ടർ, ഇടുക്കി |
| 8. ശ്രീ.എം.റ്റി.തോമസ് | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഇടുക്കി. |
| 9. ശ്രീ.എൽദോസ് കുന്നിപ്പള്ളി | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എറണാകുളം. |

പ്രസ്തുത യാത്രയ്ക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കാൻ സഹായിക്കുന്ന, ഐക്യരാഷ്ട്ര സഭയുടെ ഘടകസംഘടനയായ യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം ആണ് ഈ സന്ദർശനത്തിന്റെ ചെലവ് വഹിച്ചത്.

സംരക്ഷിത വന പ്രദേശങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ക്രിയാത്മക പങ്ക് വഹിക്കുന്നവരുടെ ആഗോളതലത്തിൽ ഓരോ 10 വർഷവും കൂടുമ്പോൾ നടത്തുന്ന ഒത്തു ചേരലായ 'വേൾഡ് പാർക്ക് കോൺഗ്രസ്സ്-2014'-ൽ പങ്കെടുക്കാനും പ്രദേശത്തെ സംരക്ഷിത വന പ്രദേശങ്ങൾ സന്ദർശിക്കാനുമാണ് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ സിഡ്നിയിൽ പോയത്.

സെക്ഷൻ ഓഫീസർ